## പതിനഞ്ചാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

# ബുള്ളറ്റിൻ ഭാഗം—2

2021 ജൂലൈ 29

**നമ്പർ 64**

2021 ജൂലൈ 29-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളനുസരിച്ച് പതിനഞ്ചാം കേരള നിയമസഭയുടെ നടപ്പുസമ്മേളനം 2021 ആഗസ്റ്റ് 13-ാം തീയതി അവസാനിപ്പിക്കുന്നതാണ്. ഈ സമ്മേളനത്തിൽ ബുള്ളറ്റിൻ ഭാഗം-2 നമ്പർ 49 മുഖേന അറിയിച്ചിരുന്ന ധനാഭ്യർത്ഥന പ്രമേയങ്ങൾ അവതരിപ്പിക്കാനുള്ള ടൈംടേബിളിൽ താഴെപ്പറയുന്ന മാറ്റങ്ങൾ വരുത്തിയിരിക്കുന്നു.

(1) ആഗസ്റ്റ് 9-ാം തീയതി തിങ്കളാഴ്ച സഭ പരിഗണിക്കുന്ന ധനാഭ്യർത്ഥന നമ്പർ VIII—എക്സൈസ്, ധനാഭ്യർത്ഥന നമ്പർ XXII—നഗരവികസനം, ധനാഭ്യർത്ഥന നമ്പർ XXXV—പഞ്ചായത്ത്, ധനാഭ്യർത്ഥന നമ്പർ XXXVI—ഗ്രാമവികസനം എന്നീ ധനാഭ്യർത്ഥനകളോടൊപ്പം ആഗസ്റ്റ് 11-ാം തീയതി സഭ പരിഗണിക്കാനിരിക്കുന്ന ധനാഭ്യർത്ഥന നമ്പർ XX—ശുദ്ധജലവിതരണവും ശുചീകരണവും, ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി, ധനാഭ്യർത്ഥന നമ്പർ XXXVIII - ജലസേചനം എന്നീ ധനാഭ്യർത്ഥനകൾ കൂടി പരിഗണിക്കുന്നതാണ്.

(2) ആഗസ്റ്റ് 10-ാം തീയതി ചൊവ്വാഴ്ച സഭ പരിഗണിക്കുന്ന ധനാഭ്യർത്ഥന നമ്പർ XVII—വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം, ധനാഭ്യർത്ഥന നമ്പർ XXIV—തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും, ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്നീ ധനാഭ്യർത്ഥനകളോടൊപ്പം ആഗസ്റ്റ് 12-ാം തീയതി സഭ പരിഗണിക്കാനിരിക്കുന്ന ധനാഭ്യർത്ഥന നമ്പർ XXV—പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന ധനാഭ്യർത്ഥന കൂടി പരിഗണിക്കുന്നതാണ്.

കൂടാതെ 2021 ആഗസ്റ്റ് 13, വെള്ളിയാഴ്ചത്തെ അനൗദ്യോഗികാംഗങ്ങളുടെ കാര്യം ഒഴിവാക്കി പകരം ഗവൺമെന്റ് കാര്യത്തിനായി വിനിയോഗിക്കുന്നതും അന്നേ ദിവസത്തെ കാര്യപരിപാടി പൂർത്തീകരിക്കുന്നതിന് ആവശ്യമെങ്കിൽ

ഉച്ചയ്ക്ക്ശേഷം 2.00 മണിയ്ക്ക് സഭ വീണ്ടും സമ്മേളിക്കുന്നതുമാണ്. 2021 ആഗസ്റ്റ് 5, വ്യാഴം, 2021 ആഗസ്റ്റ് 11, ബുധൻ എന്നീ ദിവസങ്ങളിലും ഉച്ചയ്ക്കുശേഷം സഭ സമ്മേളിക്കുന്നതാണ്

ആഗസ്റ്റ് 5-ാം തീയതി വ്യാഴാഴ്ച മുതലുള്ള തീയതികളിലെ കാര്യപരിപാടി താഴെപ്പറയും പ്രകാരം ക്രമീകരിച്ചിരിക്കുന്നു.

| | |
|---|---|
| 2021 ആഗസ്റ്റ് 5, വ്യാഴം | (1) 2021-2022 സാമ്പത്തിക വർഷത്തെ ബജറ്റിലെ ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും |
| | <u>അപരാഹ്ന സമ്മേളനം</u> |
| | (2) താഴെപ്പറയുന്ന ബില്ലുകൾ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം |
| | (i) 2021-ലെ കേരള ധനകാര്യ ബിൽ |
| | (ii) 2021-ലെ കേരള ധനകാര്യ (രണ്ടാം നമ്പർ) ബിൽ |
| | (ചർച്ച അവസാനിപ്പിക്കുന്നതാണ്) |
| 2021 ആഗസ്റ്റ് 6, വെള്ളി | ഗവൺമെന്റ് കാര്യവും അനൗദ്യോഗികാംഗങ്ങളുടെ കാര്യവും |
| 2021 ആഗസ്റ്റ് 9, തിങ്കൾ<br>2021 ആഗസ്റ്റ് 10, ചൊവ്വ | 2021-2022 സാമ്പത്തിക വർഷത്തെ ബജറ്റിലെ ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും |
| 2021 ആഗസ്റ്റ് 11, ബുധൻ | (1) 2021-2022 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും |
| | <u>അപരാഹ്ന സമ്മേളനം</u> |
| | (2) 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യാ സർവ്വകലാശാല ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും |
| | (ചർച്ച അവസാനിപ്പിക്കുന്നതാണ്) |

| | |
|---|---|
| 2021 ആഗസ്റ്റ് 12, വ്യാഴം | സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും |
| | (1) 2021-ലെ കേരള ധനകാര്യ ബിൽ |
| | (2) 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ |
| 2021 ആഗസ്റ്റ് 13, വെള്ളി | (1) 2021-2022 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിനെ സംബന്ധിക്കുന്ന ധനവിനിയോഗ ബിൽ |
| | (2) 2021-2022-ലെ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ധനവിനിയോഗ ബിൽ |

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി*